നം.വൈ2; 53000/13/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 08.01.2014

# സർക്കുലർ

വിഷയം:- 54-മത് സ്കൂൾ കലോത്സവം, പാലക്കാട് - മത്സരങ്ങൾ, മൂല്യ നിർണ്ണയം, നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-

## മത്സരങ്ങളുടെ നടത്തിപ്പ്

1. ഓരോ സ്റ്റേജിലും മത്സരയിനങ്ങൾ അവയുടെ അവതരണക്രമം അനുസരിച്ച് ക്ലസ്റ്റർ ലിസ്റ്റിൽ ചേർത്തിരിക്കും. ഏതെങ്കിലും നമ്പർ വിട്ടുപോയിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ടീംമാനേജർ പ്രോഗ്രാം കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടണം.

2. ക്ലസ്റ്റർ രീതി അനുസരിച്ച് മത്സരങ്ങൾ നടത്തുന്നതിനാൽ ഓരോ ക്ലസ്റ്ററിലെയും മത്സരത്തിന് അറിയിപ്പു ലഭിച്ചാൽ ഉടൻതന്നെ വേദികളിൽ റിപ്പോർട്ട് ചെയ്യണം. മത്സരം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പ് കുട്ടികൾ സ്റ്റേജിനടുത്തുള്ള വിശ്രമ മുറിയിലെത്താൻ അറിയിപ്പു നൽകും.

3. റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട സമയത്തിനുളളിൽ പങ്കെടുക്കുന്നവരോ എസ്കോർട്ടിംഗ് അധ്യാപകരോ ജില്ലാ ടീം മാനേജരോ സ്റ്റേജിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആ ഇനത്തിൽ മത്സരിക്കുന്നില്ലായെന്ന് കണക്കാക്കുകയും മത്സരത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്യും. പരമാവധി മൂന്നുപ്രാവശ്യം മാത്രമെ മത്സരാർത്ഥികൾക്ക്/ടീമിന് അറിയിപ്പ് നൽകൂ. രക്ഷിതാക്കൾക്കോ കുട്ടിയെ പഠിപ്പിക്കുന്ന അധ്യാപകർക്കോ സ്റ്റേജിലേക്ക് പ്രവേശനമില്ല. എസ്കോർട്ടിംഗ് ടീച്ചർ തന്നെ കുട്ടിയെ വേദിയിലെത്തിക്കണം.

4. മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിയുടെയും കൈവശം ഫോട്ടോപതിച്ച ഐഡന്റിറ്റി കാർഡ്, പാർട്ടിസിപ്പന്റ് കാർഡ് എന്നിവ ഉണ്ടായിരിക്കണം. എസ്കോർട്ടിംഗ് അധ്യാപകർ ബാഡ്ജ് ധരിച്ചിരിക്കണം

5. വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കോ മറ്റു സഹായികൾക്കോ സ്റ്റേജിലോ വിശ്രമ മുറികളിലോ പ്രവേശനം അനുവദിക്കില്ല.

6. അവതരണത്തിനുള്ള മുൻഗണനാക്രമം നറുക്കിട്ടെടുത്ത് തീരുമാനിച്ചശേഷം കോഡ് നമ്പർ നൽകും. കുട്ടികൾ കോഡ് നമ്പർ ഫോറത്തിൽ ഒപ്പിടണം. ഐഡന്റിറ്റി കാർഡിലേയും ഫോറത്തിലേയും ഒപ്പുകൾ വ്യത്യസ്തമെന്ന് കണ്ടാൽ മത്സരിക്കാനുള്ള അർഹത നഷ്ടപ്പെടും. കോഡ് നമ്പർ അനുവദിച്ചു കഴിഞ്ഞാൽ കുട്ടികളെ പുറത്തുകൊണ്ടുപോകാൻ അനുവദിക്കില്ല.

7. കുട്ടികൾ കോഡ് നമ്പർ വാങ്ങുമ്പോൾ ഐഡന്റിറ്റി കാർഡും പാർട്ടിസിപ്പന്റ് കാർഡും സ്റ്റേജിൽ ഏൽപ്പിക്കണം. മത്സരം കഴിഞ്ഞാലുടൻ കോഡ് നമ്പർ മടക്കിക്കൊടുത്ത് അവ തിരികെ വാങ്ങണം.

8. കോഡ് നമ്പർ വിധികർത്താക്കൾ കാണുംവിധം ധരിച്ചിരിക്കണം.

9. സ്റ്റേജ്മാനേജരുടെ നിർദ്ദേശങ്ങൾ പാലിക്കാൻ വിദ്യാർത്ഥികളും എസ്കോർട്ടിംഗ് മാനേജരും, ടീം മാനേജരും ബാദ്ധ്യസ്ഥരാണ്.

ഭ്യാസ ഡയറക്ടർക്കോ ജനറൽ കൺവീനർക്കോ സമർപ്പിക്കേണ്ടതാണ്. മത്സരാർത്ഥിയോ ബന്ധപ്പെട്ട ടീം മാനേജരോ മാത്രമെ അപ്പീൽ സമർപ്പിക്കാൻ അപ്പീൽ കമ്മിറ്റിയെ സമീപിക്കാവൂ.

4. രക്ഷകർത്താക്കളുടെയും മറ്റു വ്യക്തികളുടെയും അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

5. അപ്പീൽ കമ്മിറ്റിയ്ക്ക് ലഭിക്കുന്ന അപ്പീലുകളിന്മേൽ കലോത്സവ മത്സരങ്ങൾ കഴിയുന്നതിനുമുമ്പ് തീർപ്പു കല്പിക്കുന്നതാണ്.

6. മത്സരം വീണ്ടും നടത്താൻ ഉത്തരവ് ഉണ്ടാകുന്നപക്ഷം അപ്പീൽക്കാരായ വിദ്യാർത്ഥികൾ സ്വന്തം ചെലവിൽ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് എത്തി മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

7. ഏറ്റവും ഉയർന്ന സ്കോർ നേടുന്ന ഇനങ്ങൾ സമാപനദിവസം അവതരിപ്പിക്കാൻ നിർദ്ദേശിച്ചാൽ അവതരിപ്പിക്കേണ്ടതാണ്.

## ടീം മാനേജർക്കുള്ള നിർദ്ദേശങ്ങൾ

1. കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളെ രജിസ്ട്രേഷനുവേണ്ടി പാലക്കാട് ഗവ. മോയൻ മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലാണ് എത്തിക്കേണ്ടത്.

2. ജില്ലാതല മത്സരത്തിൽ ലഭിച്ച മെറിറ്റ് സർട്ടിഫിക്കറ്റുകൾ കുട്ടികളുടെ കൈവശം ഉണ്ടായിരിക്കണം.

3. മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിയും ഫോട്ടോ പതിച്ച രണ്ട് ഐഡന്റിറ്റി കാർഡുകൾ കൊണ്ടുവരണം. ഐഡന്റിറ്റി കാർഡ്, പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഐഡന്റിറ്റി കാർഡുകൾ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ മേലൊപ്പ് വച്ചിരിക്കണം.

4. സംസ്കൃതോത്സവം, അറബിക് കലോത്സവം ഇവയിൽ പങ്കെടുക്കുന്നുവെങ്കിൽ പ്രത്യേകം ഐഡന്റിറ്റി കാർഡുകൾ വേണം.

5. ഓരോ ജില്ലയ്ക്കും ഒരു ടീം മാനേജർ നാല് വിഭാഗത്തിനും ഒരു അസിസ്റ്റന്റ് മാനേജർ ഇവരെ കൂടാതെ 15 എസ്കോർട്ടിംഗ് ടീച്ചേഴ്സ് എന്നിവർ ഉണ്ടായിരിക്കണം. പെൺകുട്ടികൾക്ക് വനിതാ അദ്ധ്യാപകരെ എസ്കോർട്ടിംഗ് ടീച്ചറായി നിയോഗിക്കണം.

6. ടീം മാനേജർ, അസിസ്റ്റന്റ് മാനേജർ, എസ്കോർട്ടിംഗ് ടീച്ചർ എന്നിവരുടെ പേരും, സ്കൂൾ മേൽവിലാസവും ഫോൺ നമ്പറും എഴുതിയ 3 കോപ്പി രജിസ്ട്രേഷൻ സമയത്ത് കൗണ്ടറിൽ ഏൽപ്പിക്കണം.

7. ഓരോ ടീം മാനേജരും രജിസ്ട്രേഷൻ സമയത്ത് അക്കോമഡേഷൻ കമ്മിറ്റിയിൽ 5,000 രൂപ ഡിപ്പോസിറ്റായി അടക്കേണ്ടതാണ്. പ്രസ്തുത തുക കലോത്സവം കഴിഞ്ഞാലുടൻ നിബന്ധനകൾക്ക് വിധേയമായി തിരിച്ചു നൽകുന്നതാണ്.

8. ടീമുകളുടെ താമസസ്ഥലം സംബന്ധിച്ച വിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് നൽകുന്നതാണ്.

10. സ്റ്റേജിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും അസൗകര്യങ്ങളും സ്റ്റേജ് മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തണം.

11. കൃത്യ സമയത്ത് മത്സരം നടത്തിതീർക്കാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

12. ഓരോ വേദിയിലേയും മത്സരത്തെക്കുറിച്ചുള്ള അറിയിപ്പുകൾ അതാത് വേദിയിൽ മാത്രമെ ഉണ്ടാകൂ.

13. ആവശ്യമെന്ന് കണ്ടാൽ മത്സര പരിപാടികളുടെ വേദി, സമയം, അവതരണക്രമം എന്നിവയിൽ മാറ്റം വരുത്താൻ പ്രോഗ്രാം കൺവീനർ/ജനറൽ കൺവീനർ എന്നിവർക്ക് അധികാരമുണ്ടായിരിക്കും.

14. പരിപാടിയിൽ മാറ്റങ്ങൾ വരുത്തിയാൽ ആയത് സംബന്ധിച്ച അറിയിപ്പ് പ്രധാന വേദിയിലും (വേദി - 1), മത്സരം നടക്കേണ്ടുന്ന വേദിയിലും പ്രസിദ്ധപ്പെടുത്തും. ടീം മാനേജർമാർ മാറ്റങ്ങൾ യഥാസമയം മനസ്സിലാക്കി കുട്ടികളെ സജ്ജരാക്കേണ്ടതാണ്.

15. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വേദി സജ്ജീകരിക്കാൻ വ്യക്തിഗത ഇനങ്ങൾക്ക് രണ്ടു മിനിറ്റും (നൃത്തയിനങ്ങൾക്ക് 3 മിനിറ്റും), ഗ്രൂപ്പ് ഇനങ്ങൾക്ക് 5 മിനിറ്റുമാണ് സമയം അനുവദിക്കുക. നിശ്ചിത സമയത്തിലധികം വേദി സജ്ജീകരിക്കാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

16. ഓരോ മത്സരത്തിനും തീരുമാനിച്ചിട്ടുള്ള സമയപരിധി കർശനമായി പാലിക്കണം. സമയപരിധി ബെല്ലോ, വിസിലോ, വൈദ്യുതി വിളക്കോ ഉപയോഗിച്ച് പ്രത്യേകം അറിയിക്കുന്നതായിരിക്കും.

17. റിക്കാർഡിംഗ് ആഡിയോ സി.ഡിയിൽ ഒരു പാട്ട് മാത്രമേ റെക്കോഡ് ചെയ്യാൻ പാടുള്ളൂ.

18. വിശ്രമമുറിയിലോ, ഹാളിലോ, സ്റ്റേജിലോ പുകവലി പാടില്ല.

19. ഒരേ സമയത്ത് നടക്കുന്ന ഒന്നിലധികം ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ അവർക്കുണ്ടായേക്കാവുന്ന അസൗകര്യങ്ങൾ മുൻകൂട്ടി പ്രോഗ്രാം കൺവീനറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആവശ്യമായ അവതരണക്രമീകരണം അനുവദിച്ച് വാങ്ങേണ്ടതുമാണ്.

## മൂല്യനിർണ്ണയം - മത്സരഫലം

1. മത്സരം കഴിഞ്ഞാൽ ഉടൻതന്നെ വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്യുകയും തുടർന്ന് കോഡ് നമ്പർ അടിസ്ഥാനത്തിൽ വിധികർത്താക്കൾ ഫലം പ്രഖ്യാപിക്കുകയും ചെയ്യും. വിജയികളുടെ വിശദവിവരങ്ങൾ പബ്ലിസിറ്റി ഓഫീസിൽ നിന്ന് അറിയാം. വിശദമായ മത്സരഫലം അതാത് വേദിയിൽ പ്രഖ്യാപിക്കും. പോയിന്റുകൾ സ്കോർബോർഡിൽ രേഖപ്പെടുത്തുന്നതാണ്. മത്സരിച്ച എല്ലാ കുട്ടികളുടെയും ഗ്രേഡ് വായിക്കുന്നതാണ്.

2. മത്സരം തുടങ്ങുന്നതിനുമുമ്പ് വിധികർത്താക്കളുടെ പേരും യോഗ്യതകളും സ്റ്റേജിൽ പ്രഖ്യാപിക്കുന്നതാണ്.

3. മത്സരം സംബന്ധിച്ച പരാതികൾ ഫലപ്രഖ്യാപനം (കോഡ് നമ്പർ പ്രകാരം വിധികർത്താക്കൾ പ്രഖ്യാപിക്കുന്നത്) കഴിഞ്ഞ് ഒരു മണിക്കൂറിനകം 2000 രൂപ ഫീസോടുകൂടി രേഖാമൂലം ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ ഒപ്പോടുകൂടി ടീം മാനേജർ വിദ്യാ

9. കലോത്സവത്തിൽ പങ്കെടുക്കുന്നവരെ സ്വീകരിക്കുന്നതിനായി പാലക്കാട് റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ പ്രത്യേക കൗണ്ടറുകൾ ഉണ്ടായിരിക്കും.

10. ടീമുകളുടെ രജിസ്ട്രേഷൻ 19.01.2013 ഞായറാഴ്ച രാവിലെ മുതൽ നടക്കും. എല്ലാ ദിവസവും രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് 2 മണിവരെ രജിസ്ട്രേഷൻ ഉണ്ടായിരിക്കും. ഓരോ ജില്ലയ്ക്കും പ്രത്യേക കൗണ്ടറുകൾ ഉണ്ടായിരിക്കും.

11. മുൻവർഷങ്ങളിൽ റോളിംഗ് ട്രോഫി ലഭിച്ചിട്ടുണ്ടെങ്കിൽ അവ രജിസ്ട്രേഷൻ സമയത്ത് ട്രോഫി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്.

12. മത്സരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടക്കുന്നതിനാൽ ക്രമപ്രകാരം മത്സരാർത്ഥികളെ സ്റ്റേജിൽ എത്തിക്കേണ്ട ചുമതല ടീം മാനേജർക്കും എസ്കോർട്ടിംഗ് ടീച്ചർക്കും ഉള്ളതാണ്. വേദിയിലേക്ക് രക്ഷിതാക്കളുടെയൊപ്പം മത്സരാർത്ഥികളെ ഒരു കാരണവശാലും മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

13. ക്ലസ്റ്റർ ഓർഡർ പ്രകാരം മത്സരം അവതരിപ്പിക്കാൻ റിപ്പോർട്ട് ചെയ്യാത്ത കുട്ടികളെ പിന്നീട് യാതൊരു കാരണവശാലും മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

14. കോടതി ഉത്തരവിലൂടെയും അപ്പീലിലൂടെയും വരുന്ന മത്സരാർത്ഥികൾ അവരവരുടെ സ്കൂൾ കോഡ് നമ്പർ, അഡ്മിഷൻ നമ്പർ എന്നിവ അപ്പീൽ സെക്ഷനിൽ നിന്നും ലഭിക്കുന്ന ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്.

15. ഓരോ ജില്ലയുടെയും ടീം മാനേജർമാർ അവരവരുടെ കുട്ടികളുടെ സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ മടങ്ങിപ്പോകാൻ പാടുള്ളൂ. ട്രോഫി കമ്മിറ്റിയിൽ നിന്നാണ് കുട്ടികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. സർട്ടിഫിക്കറ്റ് വാങ്ങി കൊടുത്തില്ലായെന്ന് പരാതി ഉണ്ടായാൽ പ്രസ്തുത ടീം മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**അപ്പീൽ**

1. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി 5000 രൂപ കെട്ടി വെയ്ക്കേണ്ടതാണ്.

2. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി ജില്ലാതലത്തിൽ നിന്നും മത്സരിച്ച് വിജയിച്ച വിദ്യാർത്ഥിയേക്കാൾ സ്കോർ മെച്ചപ്പെടുത്തിയാൽ മാത്രമേ ഗ്രേസ് മാർക്ക് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയുള്ളൂ.

3. സ്കോർ മെച്ചപ്പെട്ടിട്ടില്ലെങ്കിൽ കെട്ടിവച്ച തുകയും സർട്ടിഫിക്കറ്റും ലഭിക്കുകയില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, കമ്മിറ്റി ചെയർമാന്മാർക്കും,
കൺവീനർമാർക്കും, ടീം മാനേജർമാർക്കും, മത്സരാർത്ഥികൾക്കും.